# എ .വി .ഗവ. ഹൈസ്കൂൾ തഴവ

## കരുനാഗപ്പള്ളി

## കൊല്ലം

## സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി

ഉള്ളടക്കം


- ആമുഖം
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- സ്ഥിതി വിവരകണക്കുകൾ
- പദ്ധതി രൂപീകരണ പ്രക്രിയ
- സ്കൂൾ മികവിനായി ഏറ്റെടുക്കേണ്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും
- നിലവിലെ അവസ്ഥ വിശകലനം
- ക്ലബ്ബുകൾ
- അക്കാദമികം
- ഭൗതികം
- വിദ്യാലയത്തിന്റെ മാസ്റ്റർ പ്ലാൻ


Scanned with OKEN Scanner

# ആമുഖം

തഴപ്പായയ്ക്കും തഴ ഉൽപ്പന്നങ്ങൾക്കുംപേര് കേട്ട തഴവാ ഗ്രാമത്തിൽ അറിവിൻറെ പ്രകാശം ലോകമെമ്പാടും പരത്തിക്കൊണ്ട് സൂര്യനാമത്തിൽ അറിയപ്പെടുന്ന ആദിത്യ വിലാസം ഗവൺമെൻറ് ഹൈസ്കൂൾ 100വർഷം പിന്നിട്ടിരിക്കുകയാണ്.

1608 കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൻറെ വിജയശതമാനം പരിശോധിക്കുമ്പോൾ ജില്ലയിലെ തന്നെ മികച്ച സ്കൂളുകളിൽ ഒന്നാണ് ഇത്,പാഠ്യപാഠ്യേതര മേഖലയിലെ സ്കൂളിൻറെ പ്രകടനം സംസ്ഥാന ദേശീയതലങ്ങളിൽ വളരെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്.

കരുനാഗപ്പള്ളി ഉപജില്ല കലോത്സവത്തിൽ തുടർച്ചയായി 39 വർഷവും ചാമ്പ്യൻഷിപ്പ് നേടിവരുന്നു. എല്ലാവർഷവും കലോത്സവം സ്പോർട്സ് എന്നീ മേഖലകളിലും കഴിഞ്ഞവർഷം വർക്ക് എക്സ്പീരിയൻസിലും കുട്ടികളെ ജില്ലാ സംസ്ഥാനതലങ്ങളിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞു.കൂടാതെ യു. എസ്. എസ് ,എൻ. എം .എം .എസ് എന്നീ മേഖലകളിലും മികച്ച നിലവാരം പുലർത്താൻ കഴിഞ്ഞു കുട്ടികൾക്ക്അറിവും പ്രചോദനവും ലഭിക്കുന്ന തരത്തിലുള്ള ദിനാചരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. അതിൻറെ വ്യത്യസ്തത മൂലം നവമാധ്യമങ്ങളിലും പത്രങ്ങളിലും ഒക്കെ വളരെ പ്രചാരം ലഭിച്ചുവരാറുണ്ട് .സമൃദ്ധമായ ഒരു ഔഷധത്തോട്ടം ഇവിടെയുണ്ട്.ഈ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഗുണമേന്മ സംരക്ഷണത്തിന്റെ ഭാഗമായി കേരള ഗവൺമെൻറ് മുന്നോട്ടുവയ്ക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിയിലൂടെ വിദ്യാലയ നേരിടുന്ന പരിമിതികൾ മറികടക്കാൻ കഴിയുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു അതിനായി പിടിഎ, എസ് എം സി ,പൂർവ്വ വിദ്യാർത്ഥി സംഘടന, മാതൃസമിതി, ജനപ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരുടെയെല്ലാം സഹായം ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

Scanned with OKEN Scanner

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ തഴവ എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം നിലകൊള്ളുന്നത്. യശ ശരീരനായആദിത്യൻ പോറ്റിസംഭാവന നൽകിയ സ്ഥലത്താണ് ഈ സ്ഥാപനം നിലകൊള്ളുന്നത്.

1915 എൽപി സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ച വിദ്യാലയം 1958ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു.തഴവ മാറ്റത്തിന്റെ അഭിമാനമായി അറിവിൻറെ പ്രകാശം ലോകമെമ്പാടും പരത്തിക്കൊണ്ട് സൂര്യനാമത്തിൽ അറിയപ്പെടുന്ന ആദ്യത്തെ വിലാസം ഗവൺമെൻറ് ഹൈസ്കൂൾ നൂറുവർഷംപിന്നിടുകയാണ്.

പാഠ്യ പാഠിയതര പ്രവർത്തനങ്ങളിൽ ഈ പാഠശാല കൈവരിച്ച നേട്ടങ്ങൾ മറ്റൊരു വിദ്യാലയത്തിനും അവകാശപ്പെടാൻ കഴിയാത്ത വിധത്തിലുള്ളതാണ് എന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. 1608കുട്ടികൾ പഠിക്കുന്ന ഇവിടെനിന്നും 287കുട്ടികളാണ് എസ്എസ്എൽസി പരീക്ഷ എഴുതിയത്.അതിൽ 286 പേരും മികച്ച വിജയം കൈവരിച്ചു. 63 പേർക്ക് FULL A+ ഉം 20 പേർക്ക് 9 A+ ഉം ലഭിച്ചു.. കൂടാതെ USS ന് 40 കുട്ടികൾക്കും NMMS ന് 2 കുട്ടികൾക്കും മികച്ച വിജയം കൈവരിക്കാൻ സാധിച്ചു. ഇക്കാരണങ്ങളാൽ സർക്കാർ സ്കൂളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞു പോയിക്കൊണ്ടിരിക്കുന്ന അവസരത്തിലും ഈ വിദ്യാലയത്തിൽ ഓരോ വർഷവും അധിക ഡിവിഷനുകൾ ലഭിച്ചുകൊണ്ടിരിക്കുന്നുഎന്നത് ശ്രദ്ധേയമാണ്.

അതുപോലെതന്നെ കലാകായിക രംഗത്ത് ജില്ലയിലും സംസ്ഥാനത്തിലും വളരെയേറെ ശ്രദ്ധിക്കപ്പെടുന്ന ഒരു വിദ്യാലയമാണ് തഴവ ജി എച്ച് എസ് 39 വർഷവും തുടർച്ചയായി കരുനാഗപ്പള്ളി സബ്ജില്ല കലോത്സവത്തിൽ ഓവറാൾ ചാമ്പ്യൻഷിപ്പ് നിലനിർത്തി വരുന്നു.

കലോത്സവത്തിൽ ഒപ്പന ഉറുദു പദ്യം.തുടങ്ങിയവയ്ക്ക് ഒന്നാം സ്ഥാനവും മറ്റു പല ഇനങ്ങൾക്കും രണ്ടുമൂന്നു സ്ഥാനങ്ങളും ലഭിച്ചിട്ടുമുണ്ട് വിദ്യാലയം മികവ് തെളിയിച്ചിട്ടുണ്ട് വോളിബോൾ ഹാൻഡ് ബോൾ തുടങ്ങിയജനങ്ങളെ സംസ്ഥാന തലം വരെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

വിദ്യാലയത്തിൽ ഏറെ സദ്യ ആകർഷിക്കുന്ന ഒന്നാണ് ഇവിടത്തെ ഔഷധത്തോട്ടം 50ൽ പരം ഔഷധസസ്യങ്ങളുംഔഷധ മരങ്ങളും ചേർന്ന് തോട്ടം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിരിക്കുകയാണ് ഈ ഔഷധത്തോട്ടം സ്കൂൾ പരിസ്ഥിതി ക്ലബ്ബിൻറെ ഓഫിസായും പ്രവർത്തിച്ചുവരുന്നു കൂടാതെ ഇവിടെ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പല മീറ്റിങ്ങുകളും സെമിനാറുകളും ഒക്കെ നടന്നുവരുന്നു

എൻ സി സി ജെ ആർ സി എസ് പി സി ലിറ്റിൽ കൈറ്റ്സ് സോഷ്യൽ സർവീസ് എന്നിവ സജീവമായി പ്രവർത്തിച്ചുവരുന്നു ക്ലബ്ബുകളുടെ പ്രവർത്തനവും കുറ്റമറ്റ രീതിയിൽ നടന്നുവരുന്നു പ്രവർത്തനങ്ങളിൽ മാതൃകാപരമായ മികവു പുലർത്തുവാൻ ഈ പാഠശാലയ്ക്ക് കഴിയുന്നതിനു പിന്നിൽ പ്രേരക ശക്തിയായി നിലകൊള്ളുന്നത് പിടിഎ എസ് എം സി മാതൃസമിതി സ്കൂൾ സംരക്ഷണ സമിതി തുടങ്ങിയവയുടെ കൂട്ടായ പ്രവർത്തനമാണ്

Scanned with OKEN Scanner

# എ വി ഗവൺമെൻറ് ഹൈസ്കൂൾതഴവ

## സ്ഥിതി വിവരംകണക്കുകൾ

| | |
|---|---|
| വിഭാഗം | :യുപി ഹൈസ്കൂൾ |
| മാധ്യമം | :മലയാളം ഇംഗ്ലീഷ് |
| ആൺകുട്ടികളുടെ എണ്ണം | :821 |
| പെൺകുട്ടികളുടെ എണ്ണം | :787 |
| വിദ്യാർത്ഥികളുടെ ആകെ എണ്ണം | :1608 |
| അധ്യാപകരുടെ എണ്ണം | 63 |
| പ്രധാന അധ്യാപകൻ | :സുരേഷ് കുമാർ.കെ. |
| ഓഫീസ് ജീവനക്കാരുടെ എണ്ണം | :7 |
| പിടിഎ പ്രസിഡണ്ട് | :ബിജു കെ |
| എസ്എം സി ചെയർമാൻ : | :നിയാസ് എം |
| മാതൃസമിതി പ്രസിഡൻറ് | :സുനിലാ ദിനേശ് |
| പൂർവി വിദ്യാർത്ഥി സംഘടന | :അനിൽ മുഹമ്മദ് |
| സ്കൂൾ സംരക്ഷണ സമിതി | :തോപ്പിൽ ലത്തീഫ് |

Scanned with OKEN Scanner

## പദ്ധതി രൂപീകരണ പ്രക്രിയ

## (ഗുണസൂചകങ്ങളുടെ അടിസ്ഥാനത്തിൽ)

ചർച്ച വിശകലനം തീരുമാനം

ലക്ഷ്യം

പരിമിതികൾ

നേട്ടങ്ങൾ

- സ്റ്റാഫ് മീറ്റിംഗ്
- എസ്.ആർ.ജി
- പിടിഎ എസ് എം സി
- എം പി ടി എ
- സ്കൂൾ സംരക്ഷണ സമിതി
- സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ

Scanned with OKEN Scanner

# ക്ലബ്ബുകൾ

- പരിസ്ഥിതി
- ഐടി
- വിദ്യാരംഗം
- എൻ.സി.സി
- എസ് .പി .സി
- ജെ .ആർ .സി
- സോഷ്യൽ സർവീസ് സ്കീം
- ലിറ്റിൽ കൈറ്റ്സ്
- സോഷ്യൽ സയൻസ്
- സയൻസ്
- കണക്ക്
- ഇംഗ്ലീഷ്
- മലയാളം
- ഹിന്ദി
- പ്രവർത്തിപരിചയം
- ശുചിത്വം
- ആരോഗ്യം
- ലഹരിവിരുദ്ധ ക്ലബ്ബ്
- ഫോറസ്റ്റ്

Scanned with OKEN Scanner

# മികവിനായി ഏറ്റെടുക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. ശാസ്ത്രപോഷണ പരിപാടികൾ
5. വായനാ പരിപോഷണം
6. ലൈബ്രറി ശാക്തീകരണം
7. ലബോറട്ടറി ആധുനിക വത്കരിക്കൽ
8. പ്രതിഭാ പോഷണ പരിപാടി
9. നാടക കളരി
10. ജൈവ വൈവിദ്ധ്യപാർക്ക്
11. സാഹിത്യപോഷണ പരിപാടികൾ
12. പഠന യാത്രകൾ
13. സെമിനാറുകൾ
14. കലാകായിക മേള
15. ഐ.റ്റി. പരിശീലനം
16. അദ്ധ്യാപക ശാക്തീകരണ പരിപാടികൾ
17. ക്ലാസ് പി.റ്റി.എ. സജീവമാക്കൽ
18. സ്കൂൾ പത്രം/ മാസിക
19. പ്രവൃത്തി പരിചയ പഠനം
20. എസ്.ആർ.ജി. ശാക്തീകരണം
21. ശാസ്ത്രാഭിരുചി വളർത്തൽ
22. പച്ചക്കറി തോട്ടം
23. രചനാ ശില്പശാല
24. അഭിമുഖങ്ങൾ
25. മെഡിക്കൽ ക്യാമ്പ്
26. പോഷകാഹാര പരിപാടി
27. പാവനാടക പരിശീലനം, ശില്പശാല
28. ഒറിഗാമി ശില്പശാല
29. ഗണിത ലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ
30. ഭാഷാലാബ്
31. ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ
32. ദിനാചരണം
33. കായിക പഠനം
34. ഗവേഷണാത്മക പ്രവർത്തനങ്ങൾ

Scanned with OKEN Scanner

(പദ്ധതി വിശദാംശങ്ങൾ - പട്ടികപ്പെടുത്തിയ സ്വപ്നപദ്ധതികളുടെ വിശദാംശങ്ങൾ മറ്റൊരാൾക്ക് വായിച്ചുമനസ്സിലാക്കാവുന്ന വിധത്തിൽ പ്രത്യേക ഫോർമാറ്റിൽ എഴുതി തയ്യാറാക്കലാണ് ലക്ഷ്യമിടുന്നത് - )

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | - - |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ. skit, conversation, drama etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ. |



Scanned with OKEN Scanner

പ്രവർത്തനം 4

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽസർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപിക | 2000/- (പരസ്യത്തിലൂടെ കണ്ടെത്താം |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം. | 10000/- (പ്രതിവർഷം പി.ടി.എ. ഫണ്ട്) |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 10000/- ( പി.ടി.എ. ഫണ്ട്) |



Scanned with OKEN Scanner

പ്രവർത്തനം 7

പേര് : ഇംഗ്ലീഷ് ചാറ്റിംഗ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയ വിനിമയം | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 8

പേര് : Translation of Malayalam childrens books to English
(മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | ഫണ്ട് കണ്ടെത്തണം |

പ്രവർത്തനം 9

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | 5,000/- (പൂർവ്വ വിദ്യാർത്ഥി സംഘടന) |



Scanned with OKEN Scanner

പ്രവർത്തനം 10

പേര് : പ്രസംഗ തർജ്ജമ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം 11

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം 12

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |



Scanned with OKEN Scanner

പ്രവർത്തനം 13
പേര് : രചനാ ശില്പശാല
ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സ്മുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- പി.ടി.എ |

പ്രവർത്തനം 14
പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം
ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം, എസ്.ഐ.റ്റി.സി. | - - |

പ്രവർത്തനം 15
പേര് : സർഗ്ഗ സല്ലാപം
ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം. & പി.ടി.എ. | 2000/- പി.ടി.എ |



Scanned with OKEN Scanner

പ്രവർത്തനം 16

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം., പി.ടി.എ., ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 17

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ്ബ് | - - |

പ്രവർത്തനം 18

പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഇംഗ്ലീഷ് മലയാളം ക്ലബ്ബ് | |

Scanned with OKEN Scanner

പ്രവർത്തനം 19
പേര് : പാവനാടക പരിശീലന ശില്പശാല
ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി. | 5000/- |

പ്രവർത്തനം 20
പേര് : കുട്ടീസ് റേഡിയോ 2 വർഷം കൊണ്ട് നടപ്പാക്കാവുന്ന പ്രവർത്തനം.
ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി. | 25,000/- സ്പോൺസർഷിപ്പ് കൂടുതൽ ഫണ്ട് കണ്ടെത്താനാം. |

പ്രവർത്തനം 21
പേര് : സ്കൂൾ വിഷൻ 2 വർഷം കൊണ്ട് നടപ്പാക്കാവുന്ന പ്രവർത്തനം.
ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | വിദ്യാലയ സ്റ്റുഡിയോയിൽ നിന്നും ക്ലാസ്സുകളിൽ സ്ഥാപിച്ചിരിക്കുന്ന ടി.വി.കളിലേക്ക് കുട്ടികളുടെ കലാപരിപാടികളുടെ സംപ്രേക്ഷണം. അസംബ്ലി, പൊതുപരിപാടികളുടെ സംപ്രേക്ഷണം. | എല്ലാ ദിവസവും ഇടവേളകളിൽ | എസ്.ആർ.ജി. | 50,000/- ഫണ്ട് കണ്ടെത്താം |



Scanned with OKEN Scanner

പ്രവർത്തനം 22
പേര് : ദിനാചരണങ്ങൾ
ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | - - |

പ്രവർത്തനം 23
പേര് : ഒറിഗാമി ശില്പശാല
ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. | |

പ്രവർത്തനം 24
പേര് : ഗണിതലാബ് സജ്ജീകരിക്കൽ
മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ്ബ് | - - |



Scanned with OKEN Scanner

പ്രവർത്തനം 25
പേര് : ഗണിത പാർക്ക്
മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം 26
പേര് : ശാസ്ത്രലാബ് നവീകരിക്കൽ
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനംതിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - - |

പ്രവർത്തനം 27
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | |



Scanned with OKEN Scanner

പ്രവർത്തനം 28
പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി. | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 29
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ (Field Trips)
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ. | 15000/- (പി.ടി.എ) |

പ്രവർത്തനം 30
പേര് : മേളകൾ
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (പി.ടി.എ) |



Scanned with OKEN Scanner

പ്രവർത്തനം 31

പേര് : സാമൂഹ്യ ശാസ്ത്രലാബ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (പി.റ്റി.എ) |

പ്രവർത്തനം 32

പേര് : പഠനയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 20000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 33

പേര് : ഡിബേറ്റ് ക്ലബ്ബ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി | |



Scanned with OKEN Scanner

പ്രവർത്തനം 34

പേര് : മോക്ക് പാർലമെന്റ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4. ക്രിസ്മസ് സമ്മേളനം<br>5. വേനൽക്കാല സമ്മേളനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | - - |

പ്രവർത്തനം 35

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 36

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- (പി.ടി.എ.) |

Scanned with OKEN Scanner

പ്രവർത്തനം 37

പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ

മേഖല/ഉപമേഖല : അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നുവീതം | ഹിന്ദി ക്ലബ്ബ് | |

പ്രവർത്തനം 38

പേര് : കലാമണ്ഡപം

മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം. അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്ബ്/ കലാദ്ധ്യാപകൻ | ഫണ്ട് ചിലവ് കുട്ടി [illegible] കണ്ടെത്തണം |

പ്രവർത്തനം 39

പേര് : ചിത്രരചനാക്കളരി

മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യ വേനൽ അവധി ക്കാലം (5 ദിവസം) | എസ്.ആർ.ജി. | ഫണ്ട് കണ്ടെത്തണം |



Scanned with OKEN Scanner

പ്രവർത്തനം 40

പേര് : കായിക പരിശീലനം

മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ. കായിക അദ്ധ്യാപകൻ | 10000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 41

പേര് : കായിക താരങ്ങൾക്ക് അവാർഡ് / സമ്മാനങ്ങൾ

മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപ ജില്ലാതലം, ജില്ലാതലം, സംസ്ഥാന തലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തി ലേയും മത്സരങ്ങ ൾക്കുശേഷം | എച്ച്. എം. കായിക അദ്ധ്യാപകൻ | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 42

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷ ത്തിൽ ഒന്നു വീതം | എച്ച്. എം. പി.ടി.എ. | 10000/- (പി.ടി.എ.) |

പ്രവർത്തനം 43

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷക മായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. | 5000/- (കൃഷിവകുപ്പ്) |



Scanned with OKEN Scanner

പ്രവർത്തനം 44

പേര് : ജൈവ വൈവിധ്യപാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി. | 25000/- (എസ്.എസ്.എ.) |

പ്രവർത്തനം 45

പേര് : ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 46

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.ടി.എ. | |



Scanned with OKEN Scanner

പ്രവർത്തനം 47

പേര് : ഗവേഷണ പ്രോജക്ടുകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നാക്കാവസ്ഥയുള്ളവർക്കുള്ള പ്രത്യേക വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്നുവീതം | എസ്.ആർ.ജി. പി.ടി.എ. എം.പി.ടി.എ. | - - |

പ്രവർത്തനം 48

പേര് : വരയും കുറിയും

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗതകാലത്തിന്റെ ചിത്രാവിഷ്കാരം | ഓരോ വിദ്യാലയത്തിനും അത് സ്ഥിതിചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം രേഖാചിത്രീകരണങ്ങളിലൂടെയും ലഘു വിവരണങ്ങളിലൂടെയും രേഖപ്പെടുത്തിപുസ്തകമാക്കുന്നു. | ഒരു പ്രാവശ്യം | ക്ലബ്ബ് കൺവീനർ (ചരിത്ര വിഭാഗം) | 10000/- (പി.ടി.എ.) |

പ്രവർത്തനം 49

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | – |



Scanned with OKEN Scanner

പ്രവർത്തനം 50
പേര് : ശാസ്ത്രമാജിക്
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | — |

പ്രവർത്തനം 51
പേര് : വർക്ക്ഷീറ്റ് നിർമ്മിക്കൽ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക്ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി. | — |

പ്രവർത്തനം 52
പേര് : സമ്മർ ഗ്രാമർ സ്കൂൾ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | പൂർവ്വ അദ്ധ്യാപകരെ പ്രയോജനപ്പെടുത്തി മദ്ധ്യവേനൽ അവധിക്കാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഇംഗ്ലീഷ് വ്യാകരണ പരിശീലനം | അവധി ദിവസങ്ങൾ | ഇംഗ്ലീഷ് ടീച്ചർ H.M | — |



Scanned with OKEN Scanner

പ്രവർത്തനം 53

പേര് : സമഗ്ര പോർട്ടൽ ശില്പശാല

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | it @ സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജി. യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ, സമയ ലഭ്യതയനുസരിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്.ആർ.ജി. | – |

പ്രവർത്തനം 54

പേര് : ലോകസഞ്ചാരം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന ഒരു ഭിത്തിയിൽ വലുതായി ചിത്രീകരിക്കണം. ദിവസവും ദിന പത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു. അവസാനം വാർത്തകൾ മുഴുവൻ പൊളിച്ചുമാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കാം. | പ്രതിദിനം | എസ്.ആർ.ജി. | – |

പ്രവർത്തനം 55

പേര് : ചരിത്ര കലണ്ടർ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കുതാഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്രകലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി. | – |



Scanned with OKEN Scanner

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

Scanned with OKEN Scanner

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ - സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ- ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് ഉപയോഗപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള interview, video conference<br><br>English fest English film കാണാനുള്ള അവസരം | Vacation (Onam, Christmas )<br><br>അക്കാദമിക വർഷത്തിൽ ഒന്ന് | Teachers, PTA, SRG<br><br>English club | PTA, SRG |
| 7) സംവാദ സാധ്യതകൾ സംഘടിപ്പിക്കുക | Native speakers ഒത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുക<br><br>ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, poets മായി video conference നടത്തുന്നു | Saturday, Vacation<br><br>Twice in an academic year | Teachers, PTA, SRG | PTA, English club |

Scanned with OKEN Scanner

അക്കാദമിക മാസ്റ്റർപ്ലാൻ

മേഖല - ഹൈസ്കൂൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ - ഇംഗ്ലീഷ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English library നവീകരണം<br>English Corner<br>Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധി കാലം / ശനിയാഴ്ചകൾ | പി. ടി. എ ടീച്ചേർസ് | PTA |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cinema and Documentary - Profile and Script തയ്യാറാക്കുന്നതിന് വേണ്ടി English Cinema യുടെ ചില ഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ്സ്റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ് |
| | Role Play, English Day ആഘോഷം, Seminar ചർച്ചകൾ | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | PTA, ENGLISH Club |

Scanned with OKEN Scanner

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.

ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
